**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്ന് അറിയിക്കാമോ; നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റപ്പോൾ (2021-22) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. നിലവിൽ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം (2024-25) 19.106 ലക്ഷം മെട്രിക് ടൺ ആണ്. |
| (ബി) | നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം ഒരു വർഷം 22 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് 19.106 മെട്രിക് ടൺ പച്ചക്കറികളാണ് ഉൽപാദിപ്പിക്കുന്നത്. ഇത് ആവശ്യകതയുടെ 86.84 ശതമാനമാണ്. |
| (സി) | എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; ഈ പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ അളവ് കൃഷി വകുപ്പ് ശേഖരിച്ചിട്ടില്ല.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും , പഴവർഗ്ഗങ്ങളിലെയും കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് സജ്ജമായ നാല് ലബോറട്ടറികൾ കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം വെള്ളായണി, തൃശ്ശൂർ വെള്ളാണിക്കര, കാസർഗോഡ് പടന്നക്കാട്, കോട്ടയം ആർ.എ.ആർ.എസ്. കുമരകം എന്നിവിടങ്ങളിലാണ് ലാബുകൾ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത ലാബുകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രോമാറ്റോഗ്രാഫി-ഹൈ റെസല്യൂഷൻ മാസ് സ്പെക്ട്രോമീറ്റർ തുടങ്ങിയവ ഉപയോഗിച്ച് ഒരു സാമ്പിളിൽ 105 കീടനാശിനികൾ വരെ പരിശോധിക്കാവുന്ന അത്യാധുനിക സംവിധാനങ്ങൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കാർഷിക കോളേജിലെകീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബ് (Pesticide Residue Research and Analytical Laboratory) സേഫ് ടു ഈറ്റ് പദ്ധതി പ്രകാരം പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ കീടനാശിനി അവശിഷ്ട പരിശോധന നടത്തി പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ മാസത്തെയും റിപ്പോർട്ട് prral@kau.in എന്ന വെബ്സൈറ്റിൽ പിറ്റേ മാസം ഒന്നാം തീയതി തന്നെ പ്രസിദ്ധീകരിക്കുന്നു. മൂന്നുമാസത്തെ ക്രോഡീകരിച്ച റിപ്പോർട്ട് www.kerala.gov.in-ൽ പ്രസിദ്ധീകരിച്ചു വരുന്നു. 67 റിപ്പോർട്ടുകൾ കേരളസർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇത് വരെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.<br><br>2024-25 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ 4500 സാമ്പിളുകളും, വെള്ളാനിക്കര ലാബിൽ 980 സാമ്പിളുകളും, പടന്നക്കാട് ലാബിൽ 562 സാമ്പിളുകളുടെയും പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനം പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപ്പാക്കിവരുന്ന നൂതനപദ്ധതികൾ എന്തെല്ലാമാണെന്നും അത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**1. സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി**<br><br>പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തുക എന്ന ഉദ്ദേശത്തോടെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ 16 വകുപ്പുകളുടെ സഹകരണത്തോടുകൂടി 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി,<br><br>**2. പോഷക സമൃദ്ധി മിഷൻ**<br><br>ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന പോഷക സമൃദ്ധി മിഷൻ പദ്ധതികളിലൂടെ പച്ചക്കറി ഉൽപ്പദാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നു. |

**3. കൃഷി സമൃദ്ധി പദ്ധതി**

കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിൽ ഉൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഉറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറിതൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിൽ സംയോജിപ്പിച്ചു കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

**4. പച്ചക്കറി ഉൽപ്പാദന വർദ്ധിപ്പിക്കുന്നതിനായി വി.എഫ്.പി. സി.കെ. മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സങ്കരയിനം പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി IIHR, കേരള കാർഷിക സർവ്വകലാശാല എന്നിവരുമായി ചേർന്ന് സങ്കര വിത്തുൽപാദനം നടന്നുവരുന്നു. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത തണ്ണിമത്തൻ ഇനമായ ശോണിമ , IIHRബാംഗ്ലൂർ വികസിപ്പിച്ച വെണ്ട ഇനമായ അർക്കാ നിഖിത എന്നിവയുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.പി.സി.കെ വാങ്ങുകയും ഇവ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനത്തിൽ പരിശീലനം ലഭിച്ച കർഷകർ മുഖേന തണ്ണിമത്തൻ (ശോണിമ) 3 കിലോയും, വെണ്ട (അർക്കാ നിഖിത) 12.2 കിലോയും ഉൽപാദിപ്പിക്കുവാൻ സാധിച്ചു. IIHR ബാംഗ്ലൂർ വികസിപ്പിച്ച വഴുതന (അർക്കാ ആനന്ദ്) എന്ന സങ്കരയിനത്തിന്റെ മാതൃ-പിതൃ വിത്തുകൾ വർദ്ധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനം പുരോഗമിച്ചുവരുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ 21.82 ലക്ഷത്തോളം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 57.56 ലക്ഷത്തോളം പച്ചക്കറി തൈകളും, 3.77 ലക്ഷം ഫലവൃക്ഷ തൈകളും 1.12 ലക്ഷം ടിഷ്യൂകൾച്ചർ തൈകളും, 1.9 ലക്ഷം സങ്കരയിനം വിത്തുപായ്ക്കറ്റുകളും വി.എഫ്.പി.സി.കെ മുഖേന ലഭ്യമാക്കി.

- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനും അതിൻപ്രകാരം ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ്, ബയോഫെർട്ടിലൈസറുകൾ, കായീച്ചകെണികൾ എന്നിവ

450ഹെക്ടറിലേക്ക് ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നു.

- പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഉടനീളമുള്ള കൃഷി ഭവനുകളിലൂടേയും പത്രമാധ്യമങ്ങളിലൂടേയും പച്ചക്കറി കൃഷി വ്യാപനത്തിന് വേണ്ട പച്ചക്കറി വിത്തുകളും ഹൈബ്രിഡ് തൈകളും വിതരണം ചെയ്യുന്നതിനായി 4 കോടി വകയിരുത്തിയിട്ടുണ്ട്.
- ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനും പദ്ധതി. കർഷർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള സഹായം നടപ്പിലാക്കിവരുന്നു.
- സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് ഉൽപാദനബോണസ് ലഭ്യമാക്കും.
- പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിന് ആവശ്യമായ താങ്ങ് നൽകുന്നതിന് പെർമനന്റ്/ സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിനും വന്യമൃഗങ്ങളിൽ നിന്നും കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് സോളാർ വേലി നിർമ്മിക്കുന്നതിന് പദ്ധതി സഹായം നൽകിവരുന്നു.
- കർഷർക്ക് ആവശ്യമായ പബ് സെറ്റ്, സ്പ്രേയർ, മോട്ടർ കൃഷിയ്ക്ക് ആവശ്യമായ മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം നൽകിവരുന്നു.
- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് മണ്ണ് പരിശോധനാ നടത്തി വളപ്രയോഗ

നിർദ്ദേശങ്ങൾ അടങ്ങിയ 2940 സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കി വരുന്നു.

- പച്ചക്കറികളിൽ കൃത്യതാ കൃഷി 98.9 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- റിസ്ക് ഫണ്ട്, വിപണികളുടെ ശാക്തീകരണം, മറ്റ് മൂല്യവർദ്ധിത വിപണന യൂണിറ്റുകളുടെ സഹായത്തിനായി 360 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. പച്ചക്കറി ഉൽപ്പാദന വർദ്ധിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ച മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ വാർഷിക പദ്ധതി പ്രകാരം തുറന്ന പരാഗണം നടത്തുന്ന (ഓപ്പൺ പോളിനേറ്റഡ്) പച്ചക്കറി വിളകളുടെ വിത്ത് ഉത്പാദനം, സങ്കരയിനം (ഹൈബ്രിഡ്) വിത്ത് ഉത്പാദനം, സങ്കരയിനം (ഹൈബ്രിഡ്) പച്ചക്കറി ഉത്പാദനം, പച്ചക്കറി കൃഷിയ്ക്കായിപോളീഹൗസ്, റെയിൻഷെൽറ്റർ സ്ഥാപിക്കുക, പച്ചക്കറി വിളകൾക്കായി സ്ഥിരം പന്തൽ സംവിധാനം ഏർപ്പെടുത്തുക, കൃഷിയിടങ്ങളിലെ കള നിയന്ത്രണത്തിനായി വീഡ്മാറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഓട്ടോമേറ്റഡ് ഫെർട്ടിഗേഷൻ സിസ്റ്റം സ്ഥാപിക്കുക, ഹൈഡ്രോ പോണിക്സ്, എയിറോ പോണിക്സ്, പോളീഹൗസിലെ ഉയർന്ന മൂല്യമുള്ള പച്ചക്കറി വിളകളുടെ കൃഷി, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക, പച്ചക്കറി വിപണനത്തിനായി ഉന്തുവണ്ടികൾ എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകി വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 18.96 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ